## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: *361 — 17/10/2011 - ൽ മറുപടിക്ക്.

# ദേശീയ ജലപാത യാഥാർത്ഥ്യമാക്കുവാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.എ.റ്റി.ജോർജ് | | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ദേശീയ ജലപാത യാഥാർത്ഥ്യമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;<br><br>(ബി) ദേശീയ ജലപാതയെ സംബന്ധിച്ച് കേന്ദ്രവുമായി ചർച്ച നടത്തിയിട്ടുണ്ടോ ; | : | (എ)യും (ബി) യും<br>കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീ. ഭാഗം ദേശീയ ജലപാതയായി അംഗീകരിക്കുകയും ആയതിന് ദേശീയ ജലപാതയുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് പുനരുദ്ധാരണ പണികൾ നടത്തി വരുകയുമാണ്. കോട്ടപ്പുറം മുതൽ നീലേശ്വരം / വടകര വരെയുള്ള ഭാഗവും കോവളം മുതൽ കൊല്ലം വരെയുള്ള ഭാഗവും ദേശീയ ജലപാതയായി ഉയർത്തി കിട്ടുന്നതിലേയ്ക്ക് കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയങ്ങളുമായി ചർച്ചകൾ നടത്തുകയും അതിൻ പ്രകാരം പ്രസ്തുത ജലപാകളുടെ സാധ്യതാപഠനമുൾപ്പെടെയുള്ള കാര്യങ്ങൾക്ക് നാറ്റ്പാക് - നെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) ഇത് യാഥാർത്ഥ്യമാക്കുന്നതിന് സംസ്ഥാനത്തിന്റെ പൂർണ്ണ സഹകരണം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ ; | : | (സി) ഉണ്ട്. |
| (ഡി) ഇതിൻമേൽ കേന്ദ്രത്തിന്റെ സമീപനമെന്താണ് ? | : | (ഡി) ഇതിൻമേൽ കേന്ദ്ര സർക്കാർ അനുകൂല സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ